# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1556 — 02.07.2015 ൽ മറുപടിയ്ക്ക്

## കീടനാശിനി വിമുക്ത പഴങ്ങളും പച്ചക്കറികളും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ.സണ്ണി ജോസഫ്<br>ശ്രീ. പി.എ. മാധവൻ | ശ്രീ.കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കീടനാശിനി വിമുക്ത കൃഷി വ്യാപകമാക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന പദ്ധതികൾ വിശദമാക്കാമോ ; | (എ) കീടനാശിനി വിമുക്തമായ പച്ചക്കറി ഉല്പാദനത്തിൽ സ്വയം പര്യാപ്തമാക്കുക എന്ന ലക്ഷ്യത്തോടെ 2012-13 മുതൽ കൃഷി വകുപ്പ് സമഗ്ര പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കി വരികയാണ്. ജൈവ രീതിയിലുള്ള കൃഷിക്ക് പ്രാമുഖ്യം നൽകിക്കൊണ്ടും രാസകീടനാശിനികൾ ഒഴിവാക്കി പരമാവധി ജൈവ രീതിയിലുള്ള രോഗ കീട നിയന്ത്രണത്തിന് ഊന്നൽ നല്കിക്കൊണ്ടുമാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്.<br>ജൈവ രീതിയിലുള്ള പച്ചക്കറിക്കൃഷിയെക്കുറിച്ചും സുരക്ഷിതമായ രീതിയിലുള്ള കീടരോഗ നിയന്ത്രണ മാർഗ്ഗങ്ങളെപ്പറ്റിയും കർഷകർക്കും വിദ്യാർത്ഥികൾക്കും അവബോധം വളർത്തുന്നതിനായി ഫാം ഇൻഫർമേഷൻ ബ്യൂറോ തയ്യാറാക്കിയ 'സുരക്ഷിത പച്ചക്കറി കൃഷിയ്ക്ക് ഒരു മാർഗ്ഗരേഖ' എന്ന കൈപ്പുസ്തകം സംസ്ഥാനത്തെ സ്കൂളുകളും കൃഷി ഭവനുകളും വഴി വിതരണം ചെയ്ത് വരുന്നു. കൂടാതെ കർഷകർക്കും വിദ്യാർത്ഥികൾക്കും വിവിധ തലത്തിൽ പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും സുരക്ഷിത പച്ചക്കറി കൃഷി സംബന്ധിച്ച ലഘുലേഖകൾ വിതരണം ചെയ്യുകയും ചെയ്യുന്നു. |

| | | | |
|---|---|---|---|
| (ബി) | കീടനീശിനി കലർന്ന പഴങ്ങളും പച്ചക്കറികളും അന്യ സംസ്ഥാനത്ത് നിന്നും ഇറക്കുമതി ചെയ്യുന്നത് തടയുന്നതിന് ശക്തമായ നടപടി സ്വീകരിക്കുമോ ; ഇതിനായി എന്തൊക്കെ നടപടികളാണ് ഇപ്പോൾ നിലവിലുള്ളത് എന്ന് വ്യക്തമാക്കുമോ ; | (ബി) | ടി വിഷയത്തിന്റെ ഗൗരവം ഉൾക്കൊണ്ട് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ആരോഗ്യ വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ 18.11.2014 ൽ വിളിച്ചു ചേർത്ത യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അന്യസംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലേക്ക് കൊണ്ടു വരുന്ന പഴങ്ങളുടെയും പച്ചക്കറികളുടെയും അമിത കീടനാശിനിയുടെ ഉപയോഗം നിയന്ത്രിക്കുന്നതിനായി ഭക്ഷ്യ സുരക്ഷാ കമ്മീഷണർ ചെയർപെഴ്സനായി കൃഷി, മൃഗസംരക്ഷണം എന്നീ വകുപ്പുകളിലെ ഡയറക്ടർമാർ, വെള്ളായണി കാർഷിക കോളേജിലെ പ്രൊഫസർ ഡോ.ബിജു തോമസ് മാത്യു, വാണിജ്യ നികുതി വകുപ്പ് ജോയിന്റ് കമ്മീഷണർ എന്നിവർ അംഗങ്ങളായ ഒരു ഉന്നതതല കമ്മിറ്റി സർക്കാർ ഇതിനകം രൂപീകരിച്ചിട്ടുണ്ട്. ടി വിഷയം സംബന്ധിച്ച ആശങ്കയും കാര്യക്ഷമമായ തുടർനടപടികൾ ആവശ്യപ്പെട്ടുകൊണ്ട് അന്യ സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാർക്ക് സംസ്ഥാന മുഖ്യമന്ത്രി ഇതിനകം കത്ത് നൽകിയിട്ടുണ്ട്. |
| (സി) | ഇറക്കുമതി ചെയ്യുന്ന പഴങ്ങളുടെയും പച്ചക്കറികളുടെയും ഗുണനിലവാരം പരിശോധിക്കാൻ നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണ്; വ്യക്തമാക്കുമോ ; | (സി) | അന്യ സംസ്ഥാനങ്ങളിൽ നിന്നും വരുന്ന പഴങ്ങളിലും പച്ചക്കറികളിലും അടങ്ങിയിരിക്കുന്ന കീടനാശിനി അവശിഷ്ട പരിശോധനയ്ക്ക് നിലവിൽ കൃഷി വകുപ്പിന്റെ സഹായത്തോടെ വെള്ളായണി കാർഷിക കോളേജിൽ പ്രവർത്തിക്കുന്ന കീടനാശിനി അവശിഷ്ട പരിശോധനാലാബിൽ സംവിധാനമുണ്ട്.<br>ഇറക്കുമതി ചെയ്യുന്നതുൾപ്പെടെയുള്ള പച്ചക്കറികളിൽ അടങ്ങിയിട്ടുള്ള വിഷാംശം കണ്ടെത്തുന്നതിന് Gas Chromatograph Mass Spectrophoto Meter എന്ന ആധുനിക സംവിധാനം ഉപയോഗിച്ചുള്ള രാസപരിശോധനയാണ് നടത്തുന്നത്. ടി സംവിധാനം ഉപയോഗിച്ച് സംസ്ഥാനത്തെ വിപണികളിൽ നിന്ന് ഭക്ഷ്യസുരക്ഷാ |

| | | | |
|---|---|---|---|
| | | | ഉദ്യോഗസ്ഥർ പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് അയയ്ക്കാറുണ്ട്. ഭക്ഷ്യസുരക്ഷാ നിലവാര ചട്ടങ്ങളിൽ നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരമാണ് വിഷാംശത്തിന്റെ തോത് നിശ്ചയിക്കുന്നത്. |
| (ഡി) | ഇറക്കുമതി ചെയ്യുന്ന ഏതൊക്കെ സാധനങ്ങളിലാണ് മാരകമായ അളവിൽ കീടനാശിനിയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ? | (ഡി) | കറിവേപ്പില, പുതിനയില, പച്ചമുളക്, പയർ എന്നീ നാലിനം പച്ചക്കറികളുടെ സാമ്പിളുകളിൽ അപകട സാധ്യതയുള്ള അളവിൽ വിഷാംശം കണ്ടെത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ